✎ ടി.കെ ഉബൈദ്



# 1189

# സൂറ-42 / അശ്ശൂറാ

## സൂക്തം: 49-53

ആധുനിക ശാസ്ത്രത്തിന്റെ വികാസത്തിന് ദൈവനിശ്ചയത്തിൽ ഇടപെടാൻ കഴിയില്ല. സ്ത്രീ-പുരുഷന്മാരിൽ അണ്ഡ-ബീജങ്ങളുടെ ഉൽപാദനം പുഷ്ടിപ്പെടുത്താൻ ശാസ്ത്രത്തിനു കഴിഞ്ഞേക്കാം. ഔഷധ പ്രയോഗത്തിലൂടെ രോഗം ശമിപ്പിക്കുന്നതുപോലുള്ള പ്രക്രിയയാണത്. പുരുഷബീജവും സ്ത്രീയുടെ അണ്ഡവും ചേർന്നാലേ സന്തത്യുൽപാദനം നടക്കൂ. അതു രണ്ടും ഫാക്ടറിയിൽ നിർമിക്കാവുന്ന വസ്തുക്കളല്ല.

لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا يَشَآءُ ۚ يَهَبُ لِمَن
يَشَآءُ إِنَٰثًا وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ ﴿٤٩﴾

49. അല്ലാഹു ആകാശഭൂമികളുടെ സർവാധിപതിയാകുന്നു. അവനിഛിക്കുന്നതു സൃഷ്ടിക്കുന്നു. അവനിഛിക്കുന്നവർക്ക് പെൺമക്കളെ സമ്മാനിക്കുന്നു. ഇഛിക്കുന്നവർക്ക് ആൺമക്കളെയും സമ്മാനിക്കുന്നു.

أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ عَقِيمًا ۚ إِنَّهُۥ
عَلِيمٌ قَدِيرٌ ﴿٥٠﴾

50. അല്ലെങ്കിൽ ആൺ-പെൺ മക്കളെ ഒരുമിച്ചു സമ്മാനിക്കുന്നു. അവനിഛിക്കുന്നവരെ വന്ധ്യരാക്കുന്നു. അവൻ എല്ലാം അറിയുന്നവനും എന്തിനും കഴിവുള്ളവനുമല്ലോ.

**49,50**

لِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ = അല്ലാഹുവിന്നാകുന്നു ആകാശഭൂമികളുടെ ഉടമസ്ഥതയും അധികാരവും (സർവാധിപതിയാകുന്നു)
يَخْلُقُ مَا يَشَاءُ = അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു يَهَبُ = അവൻ സമ്മാനിക്കുന്നു
لِمَن يَشَاءُ = അവനിഛിക്കുന്നവർക്ക് إِنَاثًا = സ്ത്രീകളെ (പെൺമക്കളെ)
وَيَهَبُ لِمَن يَشَاءُ = അവനിഛിക്കുന്നവർക്കു സമ്മാനിക്കുന്നു الذُّكُورَ = പുരുഷന്മാരെ (ആൺമക്കളെ)
أَوْ يُزَوِّجُهُمْ = അല്ലെങ്കിൽ അവരെ ഇണകളാക്കുന്നു (ഒരുമിച്ചു സമ്മാനിക്കുന്നു)
ذُكْرَانًا وَإِنَاثًا = പുരുഷന്മാരെയും സ്ത്രീകളെയും (ആൺ-പെൺ മക്കളെ)
وَيَجْعَلُ مَن يَشَاءُ = അവനിഛിക്കുന്നവരെ അവൻ ആക്കുന്നു
عَقِيمًا = വന്ധ്യൻ إِنَّهُ عَلِيمٌ قَدِيرٌ = അവൻ എല്ലാം അറിയുന്നവനും എന്തിനും കഴിവുള്ളവനുമല്ലോ

പ്രപഞ്ചത്തിന്റെ മൗലിക യാഥാർഥ്യം യഥാവിധം ഉൾക്കൊള്ളാത്തതുകൊണ്ടാണ്, ആളുകൾ ക്ഷേമവും സൗഭാഗ്യവും ഉണ്ടാകുമ്പോൾ അതിൽ വഞ്ചിതരായി നിലംവിട്ട് ചാടുന്നതും ദാരിദ്ര്യവും ദുരിതവുമുണ്ടാകുമ്പോൾ നൈരാശ്യത്തിലമർന്നുപോകുന്നതും. താനും താനുൾക്കൊള്ളുന്ന പ്രപഞ്ചവും അല്ലാഹുവിന്റെ ഉടമസ്ഥതയിലും അധികാരത്തിലുമുള്ളതാണെന്നും എല്ലാം നൽകുന്നതും നിഷേധിക്കുന്നതും അവനാണെന്നുമുള്ള വിചാരമാണ് യാഥാർഥ്യ ബോധം. ഈ യാഥാർഥ്യം നന്നായി ഉൾക്കൊണ്ടവർ ധന്യതയിൽ അഹങ്കരിക്കുകയോ ദാരിദ്ര്യത്തിൽ നിരാശരാവുകയോ ഇല്ല. എല്ലാം സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും അല്ലാഹുവാണ്. അവനിഛിക്കുന്നത് ഉണ്ടാകുന്നു. ഇഛിക്കാത്തതൊന്നും ഉണ്ടാകുന്നില്ല. അവനിഛിക്കുന്നവർക്ക് നൽകുന്നു. ഇഛിക്കുന്നവർക്ക് നിഷേധിക്കുന്നു. അവൻ തരുന്നതു തടയാനോ തടയുന്നത് തരാനോ കഴിയുന്നവരാരുമില്ല. അവന്റെ നൽകലും നിഷേധിക്കലും യുക്തിയിലും നീതിയിലും അധിഷ്ഠിതമാകുന്നു. ഉടമയുടെ നടപടികളുടെ യുക്തിയും നീതിയും എപ്പോഴും അടിമക്ക് അറിയാൻ കഴിയണമെന്നില്ല. അറിഞ്ഞാലും ഇല്ലെങ്കിലും ഉടമയുടെ നടപടികൾക്ക് വഴിപ്പെടുകയേ അടിമക്ക് നിവൃത്തിയുള്ളൂ.

സൃഷ്ടി പ്രവർത്തനത്തെക്കുറിച്ചാലോചിച്ചു നോക്കുക. അടിമക്കിഷ്ടമുള്ളതല്ല, സ്രഷ്ടാവിനിഷ്ടമുള്ളതാണ് സൃഷ്ടിക്കുന്നത്. അവനിഷ്ടമുള്ളവർക്ക് പെൺകുട്ടികളെ സമ്മാനിക്കുന്നു; അവരുടെ മാതാപിതാക്കൾ ആഗ്രഹിച്ചത് ആൺകുട്ടികളെയാണെങ്കിലും. ചിലർക്ക് നേരെ മറിച്ചും നൽകുന്നു. ചിലർക്ക് ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തി സമ്മാനിക്കുന്നു. ചിലർക്ക് ആഗ്രഹത്തിനൊത്ത് സന്തതികൾ ലഭിക്കുന്നു. ചിലർ വന്ധ്യരായിപ്പോകുന്നു. ഒക്കെയും അല്ലാഹുവിന്റെ തീരുമാനമാണ്. ആ തീരുമാനത്തെ മറികടക്കാൻ ആർക്കുമാവില്ല. ആധുനിക ശാസ്ത്രത്തിന്റെ വികാസത്തിന് ദൈവനിശ്ചയത്തിൽ ഇടപെടാൻ കഴിയില്ല. സ്ത്രീ-പുരുഷന്മാരിൽ അണ്ഡ-ബീജങ്ങളുടെ ഉൽപാദനം പുഷ്ടിപ്പെടുത്താൻ ശാസ്ത്രത്തിനു കഴിഞ്ഞേക്കാം. ഔഷധ പ്രയോഗത്തിലൂടെ രോഗം ശമിപ്പിക്കുന്നതുപോലുള്ള പ്രക്രിയയാണത്. പുരുഷബീജവും സ്ത്രീയുടെ അണ്ഡവും ചേർന്നാലേ സന്തത്യുൽപാദനം നടക്കൂ. അതു രണ്ടും ഫാക്ടറിയിൽ നിർമിക്കാവുന്ന വസ്തുക്കളല്ല.

സന്താനലബ്ധി അല്ലാഹുവിങ്കൽ നിന്നുള്ള വിലപ്പെട്ട സമ്മാനമാണ്. അതുകൊണ്ടാണിവിടെ يعطي- നൽകുന്നു- എന്നതിനു പകരം يَهَبُ എന്നുപയോഗിച്ചിരിക്കുന്നത്. ഇബ്റാഹീം നബിക്ക് ഇസ്മാഈൽ, യഅ്ഖൂബ് എന്നീ പുത്രന്മാർ ജനിച്ചതിനെക്കുറിച്ചും وهبنا له എന്നു പറഞ്ഞതായി കാണാം. സമ്മാനം, സംഭാവന, പുരസ്കാരം തുടങ്ങിയവയാണ് هبة. അതിൽനിന്നുള്ള വർത്തമാനക്രിയയാണ് يهب. സന്താനങ്ങൾ ഭാരമല്ല അനുഗ്രഹമാണ് എന്ന ധ്വനി കൂടി ഇതിലുണ്ട്. പെൺകുട്ടികളെ ആദ്യം പരാമർശിച്ചതും ശ്രദ്ധേയമാണ്. ചില ആളുകൾ കരുതുന്നത് പെൺകുട്ടികൾ തരം താണവരോ ആണുങ്ങളുടെ മുമ്പിൽ നിൽക്കാനർഹതയില്ലാത്തവരോ ആകുന്നുവെന്നാണ്. അറബികൾ പൊതുവിൽ അങ്ങനെയാണ് ധരിച്ചിരുന്നത്. ആ ധാരണ തിരുത്താനാണ് പെൺകുട്ടികളെ ആദ്യം പരാമർശിച്ചതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ●

۞ وَمَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ إِلَّا وَحْيًا أَوْ مِن وَرَآيِٕ
حِجَابٍ أَوْ يُرْسِلَ رَسُولًا فَيُوحِىَ بِإِذْنِهِۦ مَا يَشَآءُ ۚ إِنَّهُۥ عَلِىٌّ
حَكِيمٌ ﴿٥١﴾

51. ഒരു മനുഷ്യന്നും അല്ലാഹു അവനോടു മുഖാമുഖം സംസാരിക്കുന്ന അവസ്ഥയില്ല. അവന്റെ ഭാഷണം വെളിപാടായിട്ടോ മറയ്ക്കു പിന്നിൽനിന്നോ മാത്രമാകുന്നു. അല്ലെങ്കിൽ ഒരു ദൂതനെ അയക്കുകയും ദൂതൻ അല്ലാഹുവിന്റെ ആജ്ഞാനുസാരം അവനിഛിക്കുന്നത് ബോധനം ചെയ്യുകയും ചെയ്യുന്നു. അല്ലാഹു അത്യുന്നതനും യുക്തിജ്ഞനുമല്ലോ.

**51**

وَمَا كَانَ لِبَشَرٍ = ഒരു മനുഷ്യന്നും ഇല്ലാത്തതാകുന്നു
أَن يُكَلِّمَهُ اللَّهُ = അല്ലാഹു അവനോടു (മുഖാമുഖം) സംസാരിക്കുക(രിക്കുന്ന അവസ്ഥ)
إِلَّا وَحْيًا = (അവന്റെ ഭാഷണം) ദിവ്യബോധനം(വെളിപാട്) ആയിട്ട്(ട്ടോ) അല്ലാതെ
أَوْ مِن وَرَاءِ حِجَابٍ = അല്ലെങ്കിൽ മറയ്ക്കു പിന്നിൽനിന്ന്(നിന്നോ ആയിട്ടു മാത്രമാകുന്നു) അല്ലാതെ
أَوْ يُرْسِلَ = അല്ലെങ്കിൽ അവൻ അയക്കു(കയും)ന്നു رَسُولًا = ഒരു ദൂതനെ
فَيُوحِيَ = അപ്പോൾ അവൻ (ആ ദൂതൻ) ബോധനം (ചെയ്യുകയും) ചെയ്യുന്നു
بِإِذْنِهِ = അവന്റെ (അല്ലാഹുവിന്റെ) ആജ്ഞാനുസാരം مَا يَشَاءُ = അവനിഛിക്കുന്നത്
إِنَّهُ عَلِيٌّ حَكِيمٌ = അവൻ (അല്ലാഹു) അത്യുന്നതനും യുക്തിജ്ഞനുമല്ലോ

തുടക്കത്തിൽ ചർച്ച ചെയ്ത വിഷയത്തിലേക്കു തന്നെ മടങ്ങിക്കൊണ്ട് സൂറ സമാപിക്കുകയാണ്. كَذَٰلِكَ يُوحِي إِلَيْكَ .... എന്നാണല്ലോ സൂറ തുടങ്ങിയത്. പൂർവപ്രവാചകന്മാർക്ക് ദിവ്യബോധനം ചെയ്യപ്പെട്ടതുപോലെ

ഈ ഖുർആൻ മുഹമ്മദ് നബിക്കും ബോധനം ചെയ്യപ്പെട്ടിരിക്കുകയാണെന്നും ഇതിന്റെ ബോധനരീതി മാത്രമല്ല ഉള്ളടക്കവും പൂർവ പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശമാണെന്നുമാണ് അവിടെ വ്യക്തമാക്കിയത്. തുടങ്ങിയ വിഷയത്തിലേക്ക് മടങ്ങിക്കൊണ്ട് സമാപിക്കുക സൂറകളുടെ പൊതുസ്വഭാവമാണ്. അവിശ്വാസികൾ ഉന്നയിച്ചിരുന്ന ചില വിമർശനങ്ങൾക്കുള്ള വിശദീകരണവുമാണിത്. ഖുറൈശികൾ വിമർശിച്ചു: ദൈവം തന്നോടു സംസാരിച്ച വചനങ്ങൾ പ്രഘോഷണം ചെയ്യുകയാണ് താനെന്ന് മുഹമ്മദ് അവകാശപ്പെടുന്നു. ദൈവത്തിനു സംസാരിക്കാൻ നമുക്കിടയിൽ ഈ മുഹമ്മദിനെ മാത്രമേ കിട്ടിയുള്ളൂ എന്നോ? മുഹമ്മദ് പറയുന്നത് ദൈവം പറഞ്ഞതാണെങ്കിൽ ദൈവത്തിന് അത് നമ്മോട് നേരിട്ടു പറഞ്ഞാലെന്താ? ഇനി, മുഹമ്മദിനോട് ദൈവം സംസാരിക്കുന്നുവെങ്കിൽ തന്നെ ആ സംസാരം നമ്മളാരും കാണുകയോ കേൾക്കുകയോ ചെയ്യാത്തതെന്തേ? യഹൂദർ അവരോടു പറയാറുണ്ടായിരുന്നു: മുഹമ്മദ് ഉദ്ധരിക്കാറുള്ള മൂസാ ഞങ്ങളുടെ പ്രവാചകനാണ്. അദ്ദേഹം അല്ലാഹുവിനെ നേരിൽ കണ്ടു സംസാരിക്കാറുണ്ടായിരുന്നു. ഇതിനു മറുപടിയായി പറയുകയാണ്:

മൂസാ എന്നല്ല, ഒരു മനുഷ്യനും അല്ലാഹുവിനോട് മുഖാമുഖം സംസാരിക്കുകയില്ല. അല്ലാഹുവിനോട് നേരിട്ടു സംസാരിക്കുക മനുഷ്യപ്രകൃതിക്ക് താങ്ങാവുന്ന കാര്യമല്ല. مَا كَانَ لِبَشَرٍ-ഇവിടെ ഉപയോഗിച്ചിരിക്കുന്നത് മനുഷ്യന്റെ പ്രകൃതിയല്ല എന്ന അർഥത്തിലാണ്. മൂസാ നബി അല്ലാഹുവിനെ കാണണമെന്ന് അപേക്ഷിച്ചപ്പോൾ നിനക്ക് എന്നെ കാണാനാവില്ല -لن تراني- എന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. മനുഷ്യൻ അല്ലാഹുവുമായി സംവദിക്കുന്നത് മൂന്നാലൊരു രീതിയിലാണ്: അതിൽ ഒന്ന് ഉദ്ദിഷ്ട കാര്യം മനസ്സിൽ ബോധനം ചെയ്യുകയാണ്. ഇത് പല രീതിയിലുണ്ട്: സൃഷ്ടികളുടെ സഹജവാസന ഒരുതരം വഹ്‌യ്- ദിവ്യബോധനമാണ്. തേൻ ശേഖരിക്കാനുള്ള തേനീച്ചയുടെ വാസനയെക്കുറിച്ച് 16:68-ൽ وَأَوْحَىٰ رَبُّكَ إِلَى النَّحْلِ... -നിന്റെ നാഥൻ തേനീച്ചക്ക് ബോധനം ചെയ്തു- എന്നു പറയുന്നുണ്ട്. മൂസാ നബിയുടെ മാതാവിന് ശിശുവിനെ പുഴയിലെറിയാൻ തോന്നിയതിനെക്കുറിച്ച് 28:7-ൽ وَأَوْحَيْنَا إِلَىٰ أُمِّ مُوسَىٰ -മൂസായുടെ മാതാവിനെ ബോധനം ചെയ്തു- എന്നും പ്രസ്താവിച്ചിരിക്കുന്നു. ബോധോദയവും പെട്ടെന്ന് മനസ്സിലുണ്ടാകുന്ന ജ്ഞാനപ്രകാശവും വഹ്‌യിന്റെ ഗണത്തിൽ പെടുന്നു. സൂഫിവര്യന്മാർ ഇതിനെ കശ്ഫ്, ഇൽഹാം എന്നൊക്കെയാണ് വ്യവഹരിക്കുന്നത്. പ്രവാചകന്മാർക്ക് ലഭിക്കുന്ന ദിവ്യബോധനം ഇതിൽനിന്ന് വളരെ വ്യത്യസ്തമാണ്. പ്രവാചകന്മാരല്ലാത്തവർക്കുണ്ടാകുന്ന വഹ്‌യ്- കശ്ഫും ഇൽഹാമും- അവർക്കു മാത്രം ബാധകമാകുന്നതാണ്. അതിന് ശർഇൽ നിയമസാധുതയില്ല. അത് സമൂഹത്തിൽ പ്രബോധനം ചെയ്യാനുള്ളതുമല്ല. പ്രവാചകന്മാർക്കുള്ള വഹ്‌യ് അതു ലഭിക്കുന്ന പ്രവാചകനുൾപ്പെടെ എല്ലാ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ ശാസനമാണ്.

പ്രവാചകന്റെ മനസ്സിൽ വചനം നിക്ഷേപിക്കൽ - القاء فى الرّوع, അല്ലെങ്കിൽ മനസ്സിൽ ഊതൽ- تفث فى الرّوع എന്നാണ് ഹദീസുകൾ പ്രവാചകന്റെ വഹ്‌യിനെപ്പറ്റി പറയുന്നത്. പ്രവാചകന്മാർക്കുണ്ടാകുന്ന ഈ ജ്ഞാനം ചിന്തിച്ചു കണ്ടെത്തുന്നതോ ആഗ്രഹിച്ച് നേടുന്നതോ അല്ല. പ്രവാചകന്റെ വഹ്‌യ്‌ലബ്ധിക്ക് സാക്ഷ്യം വഹിച്ച ശിഷ്യന്മാരുടെ വിവരണമനുസരിച്ച് അത് ഗുരുതരവും ക്ലിഷ്ടവുമായ ഒരു പ്രക്രിയയാണ്. വഹ്‌യ് വരുമ്പോൾ തിരുമേനി വിയർപ്പിൽ കുളിക്കും. മുഖം തുടുക്കും. പരിപൂർണ നിശ്ശബ്ദനായിരിക്കും. ദുർവഹമായ ഒരു ഭാരം അദ്ദേഹത്തെ ഞെരിച്ചുകൊണ്ടിരിക്കും. ഒട്ടകപ്പുറത്ത് സഞ്ചരിക്കുകയാണെങ്കിൽ ആ ഒട്ടകം ഭാരംകൊണ്ട് ഇരുന്നുപോകും. അല്ലെങ്കിൽ അതിന്റെ നടത്തം വേച്ചും പതറിയുമായിരിക്കും. പ്രവാചകൻ ശിഷ്യന്മാരിലാരെയെങ്കിലും ചാരിയിരിക്കുമ്പോഴാണ് വഹ്‌യ് വരുന്നതെങ്കിൽ ആ ഭാരം അവർക്കും അനുഭവപ്പെടും. സൈദുബ്നു സാബിത്ത് എന്ന ശിഷ്യൻ പറയുന്നു: ഒരിക്കൽ പ്രവാചകന്റെ കാൽ എന്റെ കാലിൽ താങ്ങിവെച്ച് ഇരിക്കുമ്പോഴാണ് വഹ്‌യ് വന്നത്. അന്നേരം എന്റെ കാലിൽ കനത്ത ഭാരം അനുഭവപ്പെട്ടു. തുടയെല്ല് പൊട്ടിപ്പോകുമോ എന്ന് ഭയന്നുപോയി. പ്രവാചകനോടുള്ള സ്നേഹാദരവുകൾ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ആർത്തുവിളിച്ച് എന്റെ കാൽ വലിച്ചെടുക്കുമായിരുന്നു.

ചില പ്രവാചക വിമർശകർ അദ്ദേഹത്തിന്റെ ഇത്തരം അനുഭവങ്ങളെ അപസ്മാരമിളക്കമായി ചിത്രീകരിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, ഒരാൾക്ക് അപസ്മാരമിളകിയാൽ അയാളിരിക്കുന്ന വാഹനത്തെയും അടുത്തിരിക്കുന്നവരെയും അതു ബാധിക്കുന്നതെങ്ങനെ എന്ന് അവർ വിശദീകരിക്കുന്നില്ല. അപസ്മാരമിളകുന്നവരധികവും അർഥമില്ലാത്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുക. അർഥമുള്ള വാക്കുകളാണെങ്കിൽ തന്നെ അത് പൂർവാപര വിരുദ്ധമായ പ്രലപനങ്ങളായിരിക്കും. മാത്രമല്ല, അപസ്മാര രോഗികൾ രോഗമിളകുമ്പോഴാണ് അതും ഇതും വിളിച്ചുപറയുക. അതിൽനിന്നു മുക്തരായാൽ തങ്ങൾ വിളിച്ചുപറഞ്ഞതെല്ലാം അവർ മറന്നിരിക്കും. രോഗമിളകുമ്പോൾ പരിപൂർണ നിശ്ശബ്ദരാകുന്നതും ഇളക്കത്തിൽ നിന്നു മുക്തരായാൽ പ്രവചനങ്ങൾ നടത്തുന്നതും അപസ്മാരരോഗികളുടെ സ്വഭാവമല്ല. അപസ്മാരമിളകുന്നവർ കൈകാലിട്ടടിക്കുന്നതായും സന്ധിവേദനയും കോച്ചിവലിയും അനുഭവിക്കുന്നതായും കാണാം. ഇത്തരം ലക്ഷണങ്ങളൊന്നും പ്രവാചകനിൽ കണ്ടതായി ശിഷ്യന്മാരാരും പറയുന്നില്ല. മാത്രമല്ല, വഹ്‌യിലൂടെ പ്രവാചകൻ പറഞ്ഞിരുന്നതൊക്കെയും മഹത്തായ ദർശനങ്ങളും നീതിസാരങ്ങളും ധർമശാസനകളുമാണ്. ലോകത്ത് ഏതെങ്കിലും അപസ്മാര രോഗി അപസ്മാരമിളകി അമൂല്യമായ ആത്മീയ ദർശനങ്ങളും ധർമശാസ്ത്ര തത്ത്വങ്ങളും പ്രഘോഷണം ചെയ്തതായി കേട്ടിട്ടുണ്ടോ? എന്നാൽ, മുഹമ്മദ് നബി പ്രഘോഷണം ചെയ്ത തത്ത്വശാസ്ത്ര-ധർമശാസ്ത്ര വചനങ്ങൾ ഒന്നര സഹസ്രാബ്ദമായി ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള കോടിക്കണക്കിൽ ജനങ്ങൾ പാരായണം ചെയ്തുകൊണ്ടും നടപ്പാക്കിക്കൊണ്ടുമിരിക്കുകയാണ്.

ദിവ്യബോധനത്തിന്റെ രണ്ടാമത്തെ രൂപം, അല്ലാഹു അദൃശ്യനായിരിക്കെത്തന്നെ അടിമയോട് സംസാരിക്കുകയാണ്. അതായത്, അശരീരി കേൾക്കുക. മൂസാ പ്രവാചകനോട് അല്ലാഹു അങ്ങനെ സംസാരിച്ചിട്ടുണ്ട്. മൂസാ പ്രവാചകനു മാത്രമേ ആ മഹാനുഗ്രഹം സിദ്ധിച്ചിട്ടുള്ളൂ എന്ന് ചിലർ പറയുന്നു. മുഹമ്മദ് നബിയുടെ ആകാശാരോഹണവേളയിൽ അദ്ദേഹവും അദൃശ്യനായ അല്ലാഹുവിനോട് സംസാരിച്ചിട്ടുണ്ടെന്നാണ് ചിലരുടെ അഭിപ്രായം.

വഹ്‌യിന്റെ മൂന്നാമത്തെ രൂപം, ദൂതന്മാരിലൂടെ സംസാരിക്കുകയാണ്. ദൂതരായി വരിക മലക്കുകളാണ്. മലക്കുകൾ

ഏതു രൂപത്തിലും വരാം. ഇബ്റാഹീം-ലൂത് പ്രവാചകന്മാരുടെ അടുത്തും ഈസാ നബിയുടെ മാതാവ് മർയം ബീവിയുടെ അടുത്തും മലക്കുകൾ മനുഷ്യരൂപത്തിൽ വന്നതായി ഖുർആൻ പറയുന്നുണ്ട്. മുഹമ്മദ് നബിയുടെ അടുത്തും ചിലപ്പോൾ മലക്ക് മനുഷ്യ രൂപത്തിൽ വന്നതായി ഹദീസുകളിൽ കാണാം. ചിറകുള്ള കുതിര- പറക്കും കുതിര-യായും മലക്കിനു പ്രത്യക്ഷപ്പെടാം. പറക്കും കുതിര (ബുറാഖ്) മലക്കിന്റെ വാഹനമാണെന്നും പറയപ്പെടുന്നു. ചിലപ്പോൾ സവിശേഷമായ പ്രകാശത്തിന്റെ രൂപത്തിലായിരിക്കും മലക്ക് പ്രത്യക്ഷപ്പെടുന്നത്. മലക്കുകൾ വരുന്നത് അല്ലാഹുവിന്റെ കൽപനപ്രകാരമാണ്. അല്ലാഹു ഏൽപിച്ച സന്ദേശം പ്രവാചകന്മാർക്ക് കൈമാറുക മാത്രമാണ് അവരുടെ ദൗത്യം. മലക്കുകൾ അതു കൈമാറുന്നതും രഹസ്യബോധനമായിട്ടായിരിക്കും.

വഹ്യ് സംബന്ധിച്ച് വിമർശകർക്ക് നൽകേണ്ട വിശദീകരണത്തിൽ പ്രസക്തമാകുന്ന ഭാഗം മാത്രമാണ് ഈ സൂക്തം പറഞ്ഞത്. ഇതു കൂടാതെ നാലാമതൊരു രൂപവും കൂടി ദിവ്യബോധനത്തിനുണ്ട്. സ്വപ്ന ദർശനമാണത്. പ്രവാചകന്മാർക്കുണ്ടാകുന്ന സ്വപ്നദർശനം സത്യവും, ഉണർന്നിരിക്കുമ്പോഴുണ്ടാകുന്ന വഹ്യിന് തുല്യവുമായിരിക്കും. ഇബ്റാഹീം നബി(അ) പുത്രബലി കൽപിക്കപ്പെട്ടത് സ്വപ്ന ദർശനത്തിലൂടെയായിരുന്നു. മുഹമ്മദ് നബി(സ)ക്ക് പല സന്ദർഭങ്ങളിലും സ്വപ്ന ദർശനത്തിലൂടെ വെളിപാടുണ്ടായിട്ടുണ്ട്. ബദ്ർ സംഘട്ടനവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും സ്വപ്നത്തിലൂടെയാണ് വെളിപ്പെട്ടത്. ഹുദൈബിയാ സന്ധിക്ക് കളമൊരുക്കിയ പ്രവാചകന്റെ ഉംറായാത്ര കൽപിക്കപ്പെട്ടതും സ്വപ്നത്തിലൂടെയായിരുന്നു. 17:60-ൽ, ജനത്തിന് പരീക്ഷണമായിത്തീർന്ന ഒരു വലിയ സ്വപ്നം അല്ലാഹു പ്രവാചകനെ കാണിച്ചതായി പറഞ്ഞിരിക്കുന്നു.

إِنَّهُۥ عَلِيٌّ حَكِيمٌ എന്ന, അല്ലാഹുവിന്റെ രണ്ടു ഗുണങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് സൂക്തം സമാപിക്കുന്നത്. عَلِيٌّ അവന്റെ ഔന്നത്യത്തെയും ഭൗതിക സൃഷ്ടികളുടെ ഇന്ദ്രിയങ്ങൾക്കതീതമായ അവസ്ഥയെയും സൂചിപ്പിക്കുന്നു. حَكِيمٌ യുക്തിജ്ഞാനത്തെയും നൈതികതയെയും, അതുവഴി സൃഷ്ടികളോടുള്ള കാരുണ്യത്തെയും സന്മാർഗ ദർശനത്തെയും നീതിപൂർവമായ സമീപനത്തെയും സൂചിപ്പിക്കുന്നു. സൃഷ്ടികളോട് നേരിട്ടു സംസാരിക്കേണ്ടി വരുന്നതിനും, സൃഷ്ടികൾക്ക് അവനോട് നേരിട്ടു സംസാരിക്കാൻ കഴിയുന്നതിനും അതീതവും അത്യുന്നതവുമായ അസ്തിത്വമാണവന്റേത്. അതോടൊപ്പം നീതിമാനും കരുണാമയനും യുക്തിമാനുമായതിനാൽ തന്റെ സൃഷ്ടികളെ സന്മാർഗദർശനം ചെയ്യാനും സംസ്കരിക്കാനും അവൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ട നിർദേശങ്ങൾ അവർക്കു നൽകാൻ മുകളിൽ പറഞ്ഞ ബോധനരീതികൾ സ്വീകരിച്ചിരിക്കുന്നു. സദ്ബുദ്ധിയുള്ളവർക്ക് അതു മനസ്സിലാകും. അല്ലാഹുവിന്റെ ഔന്നത്യവും മഹത്വവും നീതിയും കാരുണ്യവുമൊന്നും മനസ്സിലാക്കാതെ അവനെ തങ്ങളെപ്പോലുള്ള ഒരസ്തിത്വമായി കാണുന്ന വിഡ്ഢികളാണ് അവന്റെ മാർഗദർശനം ലഭിക്കുമ്പോൾ ആ അനുഗ്രഹത്തെ മാനിക്കാതെ, അവനെ നേരിൽ കാണണമെന്ന് വാശിപിടിക്കുന്നത്. ആ വാശി അവരെ കൊണ്ടെത്തിക്കുക നരകാഗ്നിയിലായിരിക്കും.

ഖുർആൻ വഹ്യിനെ മുകളിൽ പറഞ്ഞ മൂന്നിനത്തിൽ പരിമിതപ്പെടുത്തിയത്, പരലോകത്തും മനുഷ്യർ അല്ലാഹുവിനെ കാണുകയില്ലെന്നതിനു തെളിവായി മുഅ്തസിലികൾ ഉന്നയിച്ചിട്ടുണ്ട്. അടിമക്ക് അല്ലാഹുവിനെ കാണാൻ കഴിയുമെങ്കിൽ അവൻ അടിമയോട് സംസാരിക്കുന്നത് അടിമ അവനെ നേരിട്ടു കണ്ടുകൊണ്ടാവേണ്ടതാണ്. അല്ലാഹു താനുമായി നേരിട്ടു സംസാരിക്കുക എന്ന അവസ്ഥ മനുഷ്യന് ഇല്ല. مَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ എന്ന് അല്ലാഹു ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നു. ഈ വാദത്തിന് അഹ്ലുസ്സുന്നഃയുടെ മറുപടി ഇതാണ്: പ്രകൃത സൂക്തം, ഇഹലോകത്ത് അല്ലാഹു മനുഷ്യനോട് സംസാരിക്കുന്നതിനെക്കുറിച്ചാണ്. പരലോകത്തെ കാര്യം തികച്ചും വ്യത്യസ്തമാകുന്നു. അവിടെ മനുഷ്യൻ അല്ലാഹുവിനെ കാണുമെന്ന് ഖുർആൻ തന്നെ പ്രസ്താവിച്ചിരിക്കുന്നു:

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾

(അന്ന് [വിചാരണാ നാളിൽ] ചില മുഖങ്ങൾ പ്രശോഭിതമാകുന്നു. അവ തങ്ങളുടെ നാഥനെ കണ്ടുകൊണ്ടിരിക്കും - 75:22-23).

أَوْ يُرْسِلَ رَسُولًا എന്ന വാക്കിനെ ആസ്പദമാക്കി ഫുഖഹാക്കൾ ഒരു കർമശാസ്ത്ര പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. ഇമാം മാലിക്കും ഇബ്റാഹീമുന്നഖഇയും പറഞ്ഞു: ഒരാൾ താൻ ഇന്നവനോട് സംസാരിക്കില്ല എന്ന് ശപഥം ചെയ്തിട്ട് പിന്നീട് അയാളുടെ അടുത്തേക്ക് ഒരു ദൂതനെ അയച്ചാൽ അയാൾ ശപഥം ലംഘിച്ചിരിക്കുന്നു. കാരണം, ദൂതനെ അയച്ചവൻ ആരിലേക്കാണോ അയച്ചത് അയാളോട് സംസാരിക്കുന്നവൻ എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. മുഖാമുഖം സംസാരിക്കില്ല എന്നാണ് ഉദ്ദേശിച്ചതെങ്കിൽ ശപഥ ലംഘനമാവില്ല. ഇബ്നു അബ്ദിൽ ബർറ് പ്രസ്താവിച്ചു: ഒരാൾ, ഞാൻ ഇന്നയാളോട് സലാം പറയില്ല എന്നു ശപഥം ചെയ്തു. പിന്നെ മനഃപൂർവമോ മറന്നോ അയാൾക്ക് സലാം പറഞ്ഞു. അല്ലെങ്കിൽ അയാൾ ഉൾപ്പെട്ട ഒരു സംഘത്തിന് സലാം പറഞ്ഞു. എങ്കിൽ മാലിക്കിന്റെ വീക്ഷണത്തിൽ, ഈ അവസരങ്ങളിലെല്ലാം അയാൾ ശപഥം ലംഘിച്ചിരിക്കുന്നു. എന്നാൽ, ദൂതനെ അയക്കുന്നതോ നമസ്കാരത്തിൽ അയാൾക്ക് സലാം ചൊല്ലുന്നതോ ശപഥ ലംഘനമാവുകയില്ല. ●

---

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا ۚ مَا كُنتَ تَدْرِى مَا ٱلْكِتَٰبُ
وَلَا ٱلْإِيمَٰنُ وَلَٰكِن جَعَلْنَٰهُ نُورًا نَّهْدِى بِهِۦ مَن نَّشَآءُ مِنْ عِبَادِنَا ۚ
وَإِنَّكَ لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٢﴾

52. അതേപ്രകാരം, നമ്മുടെ ശാസനയാൽ ഒരു റൂഹിനെ നാം നിനക്കു ബോധനം ചെയ്തിരിക്കുകയാകുന്നു. വേദമെന്തെന്നും സത്യവിശ്വാസമെന്തെന്നും നേരത്തെ നീ അറിഞ്ഞിരുന്നില്ലല്ലോ. എന്നാൽ, നാമിതാ ഈ വേദം നമ്മുടെ ദാസന്മാരിൽ നാം ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലേക്കു നയിക്കുന്ന വെളിച്ചമാക്കിത്തന്നിരിക്കുന്നു. നീ ജനത്തെ നയിക്കുന്നത് നേരായ പാതയിലേക്കു തന്നെയാകുന്നു.

صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ أَلَآ إِلَى ٱللَّهِ تَصِيرُ ٱلْأُمُورُ ﴿٥٣﴾

53. ആകാശ ഭൂമികളിലുള്ളതിനൊക്കെയും ഉടയവനായ അല്ലാഹുവിന്റെ പാതയിലേക്ക്. അറിഞ്ഞിരിക്കുവിൻ, സകല സംഗതികളും അല്ലാഹുവിങ്കലേക്കു തന്നെ ചെന്നു ചേരുന്നതാകുന്നു.

**52,53**

وَكَذَٰلِكَ = അതേപ്രകാരം أَوْحَيْنَا إِلَيْكَ = നാം നിന്നിലേക്കു ബോധനം ചെയ്തിരിക്കുകയാകുന്നു
رُوحًا مِّنْ أَمْرِنَا = നമ്മുടെ ശാസനയാൽ ഒരു റൂഹിനെ مَا كُنتَ تَدْرِي = നീ (നേരത്തെ) അറിഞ്ഞിരുന്നില്ല(ല്ലോ)
مَا الْكِتَابُ = (ഉം) വേദം എന്തെന്ന് وَلَا الْإِيمَانُ = (എന്തെന്നറിഞ്ഞിരുന്നില്ലല്ലോ) സത്യവിശ്വാസവും ഇല്ല
وَلَٰكِن جَعَلْنَاهُ = (എന്നാൽ നാമിതാ ഈ വേദം) അത് ആക്കി (ത്തന്നിരിക്കുന്നു) نُورًا = ഒരു വെളിച്ചം
نَّهْدِي بِهِ مَن نَّشَاءُ مِنْ عِبَادِنَا = നമ്മുടെ ദാസന്മാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവരെ അതുവഴി നാം സന്മാർഗത്തിലേക്കു നയിക്കുന്ന
وَإِنَّكَ لَتَهْدِي = നീ (ജനത്തെ) നയിക്കുന്നത് إِلَىٰ صِرَاطٍ مُّسْتَقِيمٍ = നേരായ പാതയിലേക്കു തന്നെയാകുന്നു
صِرَاطِ اللَّهِ = അല്ലാഹുവിന്റെ പാതയിലേക്ക്
الَّذِي لَهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ = (ആകാശ ഭൂമികളിലുള്ളതിനൊക്കെയും ഉടയവനായവന്റെ) ആകാശഭൂമികളിലുള്ളത് അവന്നുള്ളതായവന്റെ
أَلَا = അറിഞ്ഞിരിക്കുവിൻ, ശ്രദ്ധിക്കുവിൻ إِلَى اللَّهِ = അല്ലാഹുവിങ്കലേക്കു തന്നെ
تَصِيرُ = മടങ്ങുന്നു, ചെന്നുചേരുന്നതാകുന്നു الْأُمُورُ = (സകല) സംഗതികളും

ഈ സൂക്തങ്ങൾ സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും ഉന്നംവെക്കുന്നത്, ഇത് പാരായണം ചെയ്യുകയും കേൾക്കുകയും ചെയ്യുന്ന എല്ലാ ജനങ്ങളെയുമാകുന്നു. പ്രവാചകന്റെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതോടൊപ്പം പ്രവാചകന്റെയും ഖുർആനിന്റെയും യാഥാർഥ്യം സംബന്ധിച്ച് ആഴത്തിൽ ആലോചിക്കാൻ പ്രബോധിതരെ, വിശേഷിച്ചും പ്രവാചകന്റെ പ്രതിയോഗികളെ പ്രേരിപ്പിക്കുകയുമാണ് ലക്ഷ്യം. روح ഇവിടെ ദിവ്യബോധനം തന്നെയാണ്. ആത്മാവ്, ജീവൻ, ചൈതന്യം എന്നെല്ലാം പദത്തിനർഥമുണ്ട്. മലക്ക് ജിബ്രീലിനെയും ഖുർആൻ റൂഹ് എന്ന് വ്യവഹരിച്ചതായി കാണാം (97:4). ഈ സന്ദർഭത്തിൽ എല്ലാ അർഥവും സാധുവാകുന്നു. مِّنْ أَمْرِنَا -നമ്മുടെ ശാസനയാൽ എന്നതു കൊണ്ട് ഉദ്ദേശ്യം ആത്മീയദർശനങ്ങളും ധർമശാസനകളുമാണ്. നമ്മുടെ നിയന്ത്രണത്തിലുള്ള എന്നും താൽപര്യമാകാവുന്നതാണ്.

17:85-ൽ, റൂഹിനെക്കുറിച്ചു ചോദിക്കുന്നവർക്ക് 'റൂഹ് എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു; അതെക്കുറിച്ച് തുഛമായേ നിങ്ങൾക്കറിയാൻ കഴിയൂ' എന്ന് മറുപടി കൊടുക്കാൻ പ്രവാചകനോട് കൽപിക്കുന്നുണ്ട്. റൂഹിന്റെ യാഥാർഥ്യം സമ്പൂർണമായി അറിയാൻ കഴിയില്ല എന്നാണിതിൽനിന്നു മനസ്സിലാക്കേണ്ടത്. 16:102-ൽ قُلْ نَزَّلَهُ رُوحُ الْقُدُسِ مِن رَّبِّكَ بِالْحَقِّ (പ്രവാചകൻ അവരോടു പറയുക: ഈ ഖുർആൻ നിന്റെ നാഥങ്കൽനിന്നു പരിശുദ്ധാത്മാവ് സത്യസന്ധമായി ഇറക്കിത്തന്നിരിക്കുന്നു) എന്നു പറയുന്നുണ്ട്. 2:253-ൽ وَآتَيْنَا عِيسَى ابْنَ مَرْيَمَ الْبَيِّنَاتِ وَأَيَّدْنَاهُ بِرُوحِ الْقُدُسِ (മർയമിന്റെ പുത്രൻ ഈസാക്കു നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും അദ്ദേഹത്തെ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തുകയും ചെയ്തു) എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഇതേ ആശയം 2:87-ലും 5:110-ലും വന്നിരിക്കുന്നു. റൂഹുൽ ഖുദ്സ് ജിബ്രീൽ എന്ന മലക്കാണെന്ന് ഇസ്ലാമിക പണ്ഡിതന്മാർ പൊതുവിൽ കരുതുന്നു. അതിലപ്പുറം അതെപ്പറ്റി അറിയില്ല. ക്രൈസ്തവർ ദൈവത്തിങ്കൽനിന്നുള്ള പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പറന്നുവന്ന് ഈസാ(അ)യുടെ ഹൃദയത്തിൽ കൂടുകൂട്ടി എന്നു സങ്കൽപിച്ചു. പിന്നെ ആ റൂഹുൽ ഖുദ്സിനെ മൂന്നു ദൈവങ്ങളിൽ ഒരു ദൈവമാക്കുകയും ചെയ്തു. പ്രകൃത സൂക്തത്തിൽ റൂഹിന് ആത്മാവ് എന്നർഥം നൽകിയാലും ഉദ്ദേശ്യം ജിബ്രീൽ തന്നെയാണ്. ഈ സൂക്തത്തിൽ റൂഹിനും അംറിനും ശേഷം അൽകിതാബ് -വേദം- പരാമർശിക്കപ്പെടുന്നതുകൊണ്ട് റൂഹ് ദിവ്യബോധനവും അംറ് ധർമശാസനവും ആണെന്ന് കരുതുന്നതാണ് ഉചിതം. ഇവിടെ റൂഹിന് ജീവൻ എന്നർഥം നൽകുമ്പോൾ ആത്മാവിനെ ജീവിപ്പിക്കുന്നത് എന്നായിരിക്കും താൽപര്യം. 8:24-ൽ ഇസ്ലാമിക സന്ദേശത്തെ ജീവദായകം എന്നു വിശേഷിപ്പിച്ചിട്ടുണ്ട്: يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ (അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനും അവന്റെ ദൂതന്നും ഉത്തരം നൽകുവിൻ; ദൂതൻ നിങ്ങളെ ജീവിപ്പിക്കുന്ന സന്ദേശത്തിലേക്കു ക്ഷണിക്കുമ്പോൾ).

'അൽകിതാബ്' ഖുർആൻ ആകുന്നു. അതിനെ വെളിച്ചമാക്കിയത് ദിവ്യബോധനത്തെ -റൂഹ്- ജീവൻ ആക്കിയതു പോലെ ഒരലങ്കാരമായാണ്. സചേതന സൃഷ്ടിക്ക് ഭൗതികമായി നല്ലതും ചീത്തയും, കറുപ്പും വെളുപ്പും, ഉപകാരമുള്ളതും ഉപദ്രവമുള്ളതുമൊക്കെ തിരിച്ചറിയാനുള്ള ഉപാധിയാണ് വെളിച്ചം. ഭൗതികമായ വെളിച്ചത്തിൽ ആത്മീയവും ധാർമികവുമായ നന്മ-തിന്മകൾ തിരിച്ചറിയാനാവില്ല. അതിന് ആത്മീയ വെളിച്ചം വേണം. പ്രവാചക പ്രബോ

പുറത്തിറങ്ങി




എല്ലാം നല്ലതിനാണ്

സഫലമായ സത്യാന്വേഷണം

ജി.കെ. എടത്തനാട്ടുകര

മുസ്‌ലിമിതര സമുദായത്തിൽ ജനിച്ചു വിവിധ വിദ്യാലയങ്ങളിലും കലാലയങ്ങളിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി യുക്തിവാദിയും കമ്യൂണിസ്റ്റുമായി ജീവിതമാരംഭിച്ച യുവാവ് തന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾക്കൊടുവിൽ, അല്ലാഹു പ്രവാചകന്മാരിലൂടെ മാനവകുലത്തിനായി നൽകിയ സന്മാർഗത്തിൽ അഭയം തേടാൻ സൗഭാഗ്യമുണ്ടായതിന്റെ നാൾവഴികളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. തന്റെ ആദർശമാറ്റവും തുടർന്നുള്ള ജീവിതപരിവർത്തനവും കുടുംബത്തിലും അയൽക്കാരിലും പ്രദേശത്തും സൃഷ്ടിച്ച പ്രകോപനങ്ങളും തന്മൂലം അനുഭവിക്കേണ്ടിവന്ന വൻ പ്രതിസന്ധിയും ഗ്രന്ഥകാരൻ ഹൃദയസ്പൃക്കായി വിവരിക്കുന്നുണ്ട്. മുസ്‌ലിം സമുദായത്തിൽ പിറന്നുവളർന്ന ഒരാൾക്കും അത്തരമൊരു അനുഭവം പങ്കിടാനാവില്ല. മഹാനായ പ്രവാചകന്റെ ആദ്യകാല അനുചരന്മാരിൽ ഏതാണ്ടെല്ലാവരും അനുഭവിക്കേണ്ടിവന്ന കഠിനമായ പരീക്ഷണങ്ങളുടെ ഒരു തിരനോട്ടം നമുക്കതിൽ ദർശിക്കാനാവും.

അവതാരികയിൽ:
ഒ. അബ്ദുർറഹ്മാൻ

₹ 299

IPH BOOKS

9544299877 iphbooks.com

I.P.H. Kozhikode - 0495-2720072, 2724618
I.P.H. Palakkad -0491- 2528010, 9744754390
I.P.H. Thiruvananthapuram - 0471-2337355
I.P.H. Eranakulam -0484-2369784
I.P.H. Kannur -0497-2701001
I.P.H. Malappuram -0483-2735445
I.P.H. Thrissur -0487-2427356
Pratheeksha Books, Kozhikode- 0495-2720092




ധനങ്ങളും വേദപ്രമാണങ്ങളുമാണ് ആ വെളിച്ചം പ്രസരിപ്പിക്കുന്നത്. ആ വെളിച്ചം നിരാകരിച്ചവർ ആത്മീയവും ധാർമികവുമായ ഇരുട്ടിൽ അകപ്പെടുന്നു. അങ്ങനെയുള്ളവർ ചിലപ്പോൾ ഇരുട്ടിനെ വെളിച്ചമായി വരിക്കുക എന്ന മൗഢ്യത്തിലും ചെന്നുചാടുന്നു. ഈ ലോകത്ത് എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും വളരെ വികലമായ രൂപത്തിലാണെങ്കിലും ചില ആത്മീയ-ധാർമിക-നൈതിക മൂല്യങ്ങൾ നിലനിൽക്കുന്നുണ്ട്. ആ മൂല്യങ്ങളുടെയെല്ലാം അടിസ്ഥാന സ്രോതസ്സ് പ്രവാചകാധ്യാപനങ്ങളും വേദഗ്രന്ഥങ്ങളുമാണ്. പ്രവാചകന്മാരെയും വേദങ്ങളെയും നിഷേധിച്ചുതള്ളുന്നവർ പാലിക്കുന്ന നൈതികതയും ധാർമികതയും വരെ പാരമ്പര്യമായി അവർക്കു കിട്ടിയത് പ്രവാചകാധ്യാപനങ്ങളിൽനിന്നും വേദഗ്രന്ഥങ്ങളിൽനിന്നുമാകുന്നു എന്നതത്രെ യാഥാർഥ്യം.

പ്രകൃത സൂക്തത്തിൽ 'ഈമാൻ' ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിലുള്ള ഈമാൻ ആകുന്നു. അതായിരുന്നുവല്ലോ പ്രവാചകൻ നേരത്തെ അറിയാതിരുന്നത്. പ്രവാചകത്വത്തിനു മുമ്പും അദ്ദേഹത്തിന് ദൈവത്തിലും അവന്റെ ഏകത്വത്തിലും വിശ്വാസമുണ്ടായിരുന്നു. ഈമാനിന്റെ പൂർണമായ അർഥവും അത് മുഅ്മിനിൽ ചുമത്തുന്ന ഉത്തരവാദിത്വങ്ങളും അറിയില്ലായിരുന്നു. ഈമാൻ അറിയില്ലെന്നു പറഞ്ഞതിനർഥം ശരീഅത്ത് അറിയില്ല എന്നാണെന്നും ചിലർ അർഥം കൽപിച്ചിട്ടുണ്ട്. ഈമാനാണല്ലോ ശരീഅത്തിന്റെ അടിത്തറ.

സൂക്തസാരം: മനുഷ്യർക്ക് അല്ലാഹുവിങ്കൽനിന്ന് ബോധനം ലഭിക്കുന്ന മാധ്യമങ്ങൾ മുൻ സൂക്തത്തിൽ പറഞ്ഞുവല്ലോ. എല്ലാ പ്രവാചകന്മാരും ദിവ്യബോധനം ചെയ്യപ്പെട്ടത് ആ മാധ്യമങ്ങളിലൂടെയാണ്. അതേപ്രകാരം, നാം നിനക്കു നമ്മുടെ ധർമശാസനങ്ങൾ ഉൾക്കൊള്ളുന്ന ഒരു വേദം ദിവ്യബോധനം ചെയ്തിരിക്കുകയാണ്. ഇങ്ങനെയൊരു വേദം ചമക്കുക നിന്റെ കഴിവിൽ പെട്ടതല്ല. വേദം എന്നാൽ എന്താണെന്നു തന്നെ നിനക്കറിയുമായിരുന്നില്ല. നീ നിരക്ഷരനാണല്ലോ. ഈ വേദം അനുശാസിക്കുന്ന യഥാർഥ സത്യവിശ്വാസം -ഈമാൻ- എന്താണെന്നും നിനക്കറിയാമായിരുന്നില്ല. പക്ഷേ, അജ്ഞനും നിരക്ഷരനുമായ നിനക്ക് നാം ഈ വേദം ഒരു വെളിച്ചമാക്കിത്തന്നിരിക്കുന്നു; അതുവഴി, നാം ഉദ്ദേശിച്ച ദൈവദാസന്മാരെ സന്മാർഗത്തിലേക്കു നയിക്കാൻ.

നീ പ്രവാചകനല്ല; വ്യാജനാണ്, ഓതുന്ന വചനങ്ങൾ ദൈവിക സൂക്തങ്ങളല്ല; സ്വയം കെട്ടിച്ചമച്ച ശ്ലോകങ്ങളാണ്, അതു കേൾപ്പിച്ച് നീ ആളുകളെ വശീകരിച്ചു വഴിതെറ്റിക്കുകയാണ് എന്നൊക്കെയുള്ള സത്യനിഷേധികളുടെ ആരോപണങ്ങൾ കേട്ട് ഒരിക്കലും പരിഭ്രമിക്കുകയോ അസ്വസ്ഥനാവുകയോ ചെയ്യേണ്ട. തീർച്ചയായും നീ ജനങ്ങളെ നയിക്കുന്നത് ഏറ്റം ഋജുവും സമുചിതവുമായ പാതയിലേക്കു തന്നെയാകുന്നു. അതു നീ സ്വയം വെട്ടിത്തെളിച്ച പാതയല്ല; നിനക്കതിനു കഴിയുകയുമില്ല.

പ്രപഞ്ച സാകല്യത്തിനുടമയായ അല്ലാഹുവിന്റെ പാതയാണത്. പ്രപഞ്ചത്തിലുള്ളതൊക്കെയും അവനിൽനിന്നുണ്ടായതും അവന്റെ ഉടമസ്ഥതയിൽ നിലനിൽക്കുന്നതുമാണ്. ഓർത്തിരിക്കുക: എല്ലാം ഒടുവിൽ അവങ്കലേക്കു തന്നെ തിരിച്ചെത്തുകയും ചെയ്യും. അല്ലാഹുവിങ്കലേക്കുള്ള ഈ തിരിച്ചെത്തൽ അതീവ ഗുരുതരമായ കാര്യമാണെന്നു പ്രത്യേകം ഉണർത്തുകയാണ് ألا എന്ന ശബ്ദം. താൻ സൃഷ്ടിച്ച സൃഷ്ടികൾ അവയുടെ ധർമം നിറവേറ്റിയോ എന്ന് പരിശോധിക്കുന്നതിനുള്ളതാണീ മടക്കം. ധർമം നിറവേറ്റിയവർക്ക് അതിന് നിശ്ചയിച്ച സമ്മാനം ലഭിക്കും. നിറവേറ്റാത്തവർ അതിന്റെ ശിക്ഷയും അനുഭവിക്കേണ്ടി വരും. ഈ രക്ഷയും ശിക്ഷയും അനന്തമായി നിലനിൽക്കുന്നതാണ്. ●

അല്ലാഹുവിന്റെ കൃപയാൽ, *സൂറതുശ്ശൂറാ*യുടെ ബോധനം ഇവിടെ സമാപിച്ചു.